**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 129** **16-09-2025 - ൽ മറുപടിയ്ക്ക്**

**നരിക്കുനി ഫയർ സ്റ്റേഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. എം. കെ. മുനീർ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | കൊടുവള്ളി നിയോജക മണ്ഡലത്തിൽ സ്ഥിതി ചെയ്യുന്ന നരിക്കുനി ഫയർസ്റ്റേഷന് കെട്ടിട നിർമ്മാണത്തിന് ബജറ്റിൽ വകയിരുത്തിയ 4.85 കോടി രൂപയ്ക്ക് ഭരണാനുമതി ലഭ്യമായിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വിശദമാക്കുമോ; | (എ) | 2024-2025 സാമ്പത്തികവർഷത്തിൽ നരിക്കുനിയുൾപ്പടെയുള്ള വിവിധ ഫയർ സ്റ്റേഷൻ നിർമാണങ്ങൾക്കായി തുക വകയിരുത്തിയിരുന്നെങ്കിലും, 2024-2025 സാമ്പത്തിക വർഷത്തെ പദ്ധതി ചെലവ് നിജപ്പെടുത്തിയ ധനകാര്യ വകുപ്പിന്റെ ഉത്തരവിനെ തുടർന്നുള്ള പദ്ധതി വിഹിത മുൻഗണനാക്രമീകരണത്തിന്റെ ഭാഗമായി ഭരണാനുമതി നൽകിയിരുന്നില്ല. |
| (ബി) | പ്രസ്തുത നിർമ്മാണത്തിന് സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ; | (ബി) | പിരിവ്(എ)യിൽ ചേർത്തിട്ടുണ്ട്. |
| (സി) | പതിനഞ്ചാം ധനകാര്യ കമ്മീഷന്റെ ഗ്രാൻഡ് നരിക്കുനി ഫയർ സ്റ്റേഷൻ നിർമ്മാണത്തിന് അനുവദിച്ചിട്ടുണ്ടോയെന്ന് വിശദമാക്കുമോ; ഉണ്ടെങ്കിൽ തുക എത്രയെന്ന് വിശദമാക്കുമോ; | (സി) | 15-ാം ധനകാര്യ കമ്മീഷന്റെ ഗ്രാന്റ് ലഭ്യമാക്കുന്നതിന് കേന്ദ്ര സർക്കാരിന് സമർപ്പിച്ച ശിപാർശയിൽ നരിക്കുനി ഫയർ സ്റ്റേഷൻ നിർമ്മാണവും (2.3 കോടി) ഉൾപ്പെടുത്തിയിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ, 16-04-2025- ലെ ബി.എ.1/2897/2023 നമ്പർ കത്ത് പ്രകാരം ഡയറക്ടർ ജനറൽ ശിപാർശ സമർപ്പിക്കുകയുണ്ടായി. പുതിയ ഫയർ സ്റ്റേഷനുകൾ സ്ഥാപിക്കുന്നത് പോലെയുള്ള ആവർത്തനച്ചെലവുള്ള ഘടകങ്ങൾക്ക് പകരം, 2026 മാർച്ച് 31-നകം ഫണ്ട് പൂർണ്ണമായി വിനിയോഗിക്കാൻ കഴിയുന്ന ആവർത്തനച്ചെലവില്ലാത്ത ഘടകങ്ങൾക്ക് മുൻഗണന നൽകണം എന്ന വ്യവസ്ഥയോടെ 15-08-2025 -ലെ G.O.(Rt)No.2802/2025/HOME പ്രകാരം ഭരണാനുമതി നൽകി ഉത്തരവായിട്ടുണ്ട്. |
| (ഡി) | പ്രസ്തുത നിർമ്മാണവുമായി ബന്ധപ്പെട്ട ഫയർ ആൻഡ് റെസ്ക്യൂ ഡയറക്ടർ ജനറലിന്റെ ഓഫീസിൽ നിന്ന് 16-04-2025-ന് സർക്കാരിലേക്ക് സമർപ്പിച്ച ബി.എ.1/2897/2023 നമ്പർ ശുപാർശയിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ? | (ഡി) | പിരിവ് (സി)യിൽ ചേർത്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ